## ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

- പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ
- മണ്ണിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ
- ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- സുസ്ഥിര കാർഷികരീതികൾ അവലംബിക്കലും കൃഷിഭൂമി തരിശുരഹിതമാക്കലും
- തീര സംരക്ഷണ പ്രവർത്തനങ്ങൾ
- ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഉപയോഗം, മാലിന്യം വലിച്ചെറിയാതിരിക്കൽ, കത്തിക്കാതിരിക്കൽ, ഒറ്റത്തവണ ഉപയോഗ സാധനങ്ങൾ ഒഴിവാക്കൽ
- ഹരിതോർജ്ജത്തിലേക്കുള്ള മാറ്റവും ഊർജ്ജ കാര്യക്ഷമതയും
- കണ്ടൽക്കാടുകളുടെ സംരക്ഷണം, നട്ടുപിടിപ്പിക്കൽ, പച്ചത്തുരുത്ത് പോലുള്ള വൃക്ഷവൽക്കരണ പരിപാടികൾ
- ജലസ്രോതസുകളുടെ സംരക്ഷണം, കാര്യക്ഷമമായ ജലവിനിയോഗവും ജലപരിപാലനവും
- പരിസ്ഥിതി സൗഹാർദ്ദ സാങ്കേതിക വിദ്യയും വസ്തുക്കളും ഉപയോഗിച്ചുള്ള കെട്ടിടങ്ങളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം


**Haritha Keralam Mission**
BSNL Bhavan, Third Floor, Uppalam Road, Statue,
Thiruvananthapuram 695001
Phone : 0471 2449939, email : navakeralamgok@gmail.com

**Goshree Islands Development Authority**
GIDA Building No. 45/965 - C,
GIDA Road, Pachalam, Kochi - 682012, Kerala
email : goshree.ekm@gmail.com, Phone : 0484-2976120, 2976220


കേരള സർക്കാർ

നവകേരളം കർമപദ്ധതി

ഹരിതകേരളം മിഷൻ

GIDA
ഗോശ്രീ ഐലന്റ്സ് ഡെവലപ്മെന്റ് അതോറിറ്റി

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

### ഗ്രാമപഞ്ചായത്തുകൾ

- കുഴിപ്പള്ളി
- പള്ളിപ്പുറം
- എടവനക്കാട്
- നായരമ്പലം
- ഞാറക്കൽ
- എളങ്കുന്നപ്പുഴ
- മുളവുകാട്
- കടമക്കുടി

## മുഖവുര

കാലാവസ്ഥ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും ഈ കാലഘട്ടത്തിൽ നാമേവരും നേരിടുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളാണ്. തീവ്രമഴപ്പെയ്ത്തുകൾ, പ്രളയങ്ങൾ, അമിതമായ ചൂട്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വരൾച്ച, സമുദ്ര ഉപരിതലത്തിലെ ഊഷ്മാവ് വർദ്ധന, സമുദ്ര നിരപ്പിന്റെ വർദ്ധനവ്, മത്സ്യ സമ്പത്തിന്റെ കുറവ്, തീര ശോഷണം, കടൽ ക്ഷോഭങ്ങൾ, പുതിയ പകർച്ചവ്യാധികൾ എന്നിങ്ങനെ അനേകം ദുരിതങ്ങൾ കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി ജനജീവിതത്തെ ബാധിച്ചു കൊണ്ടിരിക്കുകയാണ്. കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ മനുഷ്യജന്യ ഹരിതഗൃഹവാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ അനിയന്ത്രിതമായി വർദ്ധിക്കുന്നതാണ് ഇതിന്റെ അടിസ്ഥാന കാരണം.

## എന്താണ് നെറ്റ് സീറോ കാർബൺ

കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറയ്ക്കുന്നതിനും വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾ ഇന്ത്യ ഉൾപ്പെടെയുള്ള മിക്ക രാജ്യങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. വ്യവസായവത്ക്കരണത്തിനു മുമ്പുള്ള ഭൂമിയിലെ ശരാശരി താപനില 14 ഡിഗ്രി സെൽഷ്യസിൽ താഴെയായിരുന്നത് ഇന്ന് 15 ഡിഗ്രി സെൽഷ്യസായി ഉയർന്നിട്ടുണ്ട്. ഇപ്പോഴും ഇത് അനിയന്ത്രിതമായി വർധിച്ചുകൊണ്ടിരിക്കുന്നു. താപനിലയിലുള്ള അനിയന്ത്രിതമായുള്ള വർദ്ധനവ് മനുഷ്യൻ ഉൾപ്പെടെയുള്ള പല ജീവിവർഗ്ഗങ്ങളുടെയും നിലനിൽപ്പ് അപകടത്തിലാക്കുമെന്ന് ഇതിനകം തന്നെ തെളിഞ്ഞിട്ടുണ്ട്.

കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്ന മനുഷ്യനാൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹരിതഗൃഹ വാതകങ്ങളുടെ (കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, തുടങ്ങിയവ) പുറന്തള്ളലിന് തുല്യമായ അളവിൽ അന്തരീക്ഷത്തിൽ നിന്നും അവ നീക്കം ചെയ്യപ്പെടുന്ന അവസ്ഥയിൽ എത്തിക്കുക എന്നതാണ് നെറ്റ് സീറോ കാർബൺ എമിഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

## 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ'

കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ പലവിധ പരിഹാരമാർഗങ്ങൾ പ്രാദേശികമായി ചെയ്യാൻ കഴിയും. മനുഷ്യന്റെ ഇടപെടലുകളിലൂടെ അന്തരീക്ഷത്തിലെത്തുന്ന ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറയ്ക്കുകയും വിവിധ മാർഗങ്ങളിലൂടെ അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡ് നീക്കം ചെയ്തും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ സാധിക്കും. ഇത്തരം പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിൻ ഹരിതകേരളം മിഷൻ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 132 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

വൈപ്പിൻ ബ്ലോക്കിലെ കുഴിപ്പള്ളി, പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലും ഇടപ്പള്ളി ബ്ലോക്കിലെ എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗോശ്രീ ഐലന്റ്സ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പിന്തുണയോടെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ തുടങ്ങുകയാണ്.

ഈ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കണക്കാക്കുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. ഓരോ ഗ്രാമപഞ്ചായത്തിലെയും 10 ശതമാനം വീടുകൾ, സ്വകാര്യ/പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഊർജം (ഗതാഗത മേഖല ഉൾപ്പെടെ), മാലിന്യം, കൃഷി തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ശേഖരിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ മുഴുവൻ സർക്കാർ - അർദ്ധ സർക്കാർ - പൊതുമേഖല - സഹകരണ സ്ഥാപനങ്ങളിലും തെരഞ്ഞെടുത്ത വീടുകളിലുമാണ് ഈ സർവ്വേ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഹരിതകേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാരും, ഇന്റേൺഷിപ്പ് ട്രെയിനിമാരും, കോളേജ് വിദ്യാർഥികളുമാണ് ഈ സർവ്വേയിൽ പങ്കെടുക്കുന്നത്. സർവ്വേ പ്രവർത്തനങ്ങളുമായി സ്ഥാപനങ്ങളിലും വീടുകളിലുമെത്തുന്നവർക്ക് സത്യസന്ധമായ വിവരങ്ങൾ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനത്തിൽ താങ്കളുടെ പരിപൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

കൃഷി, ഊർജ്ജ വിനിയോഗം, ഗതാഗതം, മത്സ്യബന്ധനം, മാലിന്യ സംസ്കരണം, ജലവിഭവം എന്നീ മേഖലകളിൽ പ്രകൃതിയെ പരിഗണിച്ചുകൊണ്ടും പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ജനങ്ങൾക്ക് നേട്ടം ഉണ്ടാകുന്ന തരത്തിലുമുള്ള പരിപാടികളുമാണ് ഈ ക്യാമ്പയിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നത്. പരിസ്ഥിതി സൗഹാർദ്ദപരമായ ജീവിത രീതികളിലേയ്ക്ക് മാറുക എന്നതും ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.